**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ശുചിത്വ മിഷൻ- ജീവനക്കാര്യം - വയനാട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM), അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (IEC) എന്നീ തസ്തികകളിൽ ജോലി നോക്കുന്ന ശ്രീ. എ.കെ.രാജേഷ്, ശ്രീ.എം.പി.രാജേന്ദ്രൻ എന്നിവരുടെ അന്യത്ര സേവന കാലയളവ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.34/2019/തസ്വഭവ. തിരുവനന്തപുരം, തീയതി:05/01/2019**

---

പരാമർശം:- 1) 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2) 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin.

3) 31/08/2017 ലെ സ.ഉ.(സാധാ) നം. 2971/2017/ത.സ്വ.ഭ.വ

4) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.10.2018, 17/12/2018 എന്നീ തീയ്യതികളിലെ 3052/ബി/2018/എസ്.എം. നം. കത്ത്.

**ഉത്തരവ്**

പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം കൽപ്പറ്റ നഗരസഭയിലെ മൂന്നാംതരം ഓവർസിയറായ ശ്രീ. എ.കെ.രാജേഷിനെ വയനാട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM) തസ്തികയിലും, കൽപ്പറ്റ ബ്ലോക്കിലെ എക്സ്റ്റെൻഷൻ ഓഫീസറായ ശ്രീ.എം.പി.രാജേന്ദ്രനെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (IEC) തസ്തികയിലും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചു ഉത്തരവായിരുന്നു. ടിയാളുകളുടെ അന്യത്രസേവന കാലാവധി 27.09.2018 തീയതിയിൽ അവസാനിക്കുകയാണെന്നും, അന്യത്രസേവനകാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (4) ലെ കത്ത് പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്യത്ര സേവന വ്യവസ്ഥയിൽ വയനാട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM) ആയി ജോലി നോക്കുന്ന കൽപ്പറ്റ നഗരസഭയിലെ മൂന്നാംതരം ഓവർസിയറായ ശ്രീ. എ.കെ.രാജേഷ്, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (IEC) ആയി ജോലി നോക്കുന്ന കൽപ്പറ്റ ബ്ലോക്കിലെ എക്സ്റ്റെൻഷൻ ഓഫീസറായ ശ്രീ.എം.പി.രാജേന്ദ്രൻ എന്നിവരുടെ അന്യത്ര സേവന കാലയളവ് കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 28.09.2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ.**
**ഗവ. അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തികൾക്ക് ( എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**